www.malankaralibrary.com





1

# വി. തോമയുടെ വിശ്വാസം

ഡോ. കെ.എം. ഫ്രാൻസിസ്

സീറോ മലബാർസഭ സ്വയം ഭരണാധികാരമുള്ള (Suijuris or autonomous) സഭയാണ്. ഇന്ത്യയിലുള്ള സീറോ മലബാർ സഭയ്ക്കും, സീറോ മലങ്കര സഭയ്ക്കും മാത്രമാണ് ഈ പദവി ലഭിച്ചിട്ടുള്ളത്. ഇന്ത്യയിലെ ലത്തീൻസഭയുടെ ആത്മീയ ഭരണാധികാരി ഇപ്പോഴും മാർപാപ്പയാണ്.

എന്തുകൊണ്ടാണ് കത്തോലിക്ക സഭ അതിൽ ഉൾപ്പെട്ട ചില വിഭാഗങ്ങൾക്ക് സ്വയാധികാര അധികാരം നൽകുന്നത്? ഒരു സഭയ്ക്ക് സ്വയാധികാര സഭയാകാൻ നാലു ഘടകങ്ങൾ അത്യന്താപേക്ഷിതമാണ്. സ്വന്തമായി അപ്പസ്തോലിക പാരമ്പര്യം, വ്യതിരിക്തമായ ആത്മീയതയും ദൈവശാസ്ത്രവും, സ്വന്തമായി ഭരണക്രമം, വ്യത്യസ്തമായ ആരാധനാക്രമം എന്നീ നാലുകാര്യങ്ങൾ ഉണ്ടെങ്കിൽ അത്തരം സഭാ സമൂഹങ്ങൾക്ക് സ്വയാധികാര പദവി നൽകുന്നു. ഈ നാലു കാര്യങ്ങളിലും മറ്റു സഭകളിൽ നിന്ന് വ്യത്യസ്തമായത് (difference) കാണുന്നതാണ് സീറോ മലബാർ സഭയുടെ തനിമ (identity). തനിമ എന്നാൽ മറ്റുള്ളവയിൽ നിന്ന് വ്യത്യാസമുള്ള ഗുണങ്ങൾ എന്നാണ് അർത്ഥം.

## അപ്പസ്തോലിക പാരമ്പര്യം

വി. തോമയുടെ അപ്പസ്തോലിക പാരമ്പര്യമെന്നാൽ അതിന്റെ അർത്ഥം വി. ഗ്രന്ഥത്തിൽ തോമാസ് ശ്ലീഹയുടെ വചനങ്ങൾ രേഖപ്പെടുത്തിയത് എന്നതല്ല. നമുക്കും പോയി അവനോടൊപ്പം മരിക്കാം. എന്റെ കർത്താവേ എന്റെ ദൈവമേ, ഉത്ഥിതന്റെ മുറിവുകൾ നേരിൽ കാണാതെ ഉത്ഥാനത്തിൽ ഞാൻ വിശ്വസിക്കുകയില്ല എന്ന വചനങ്ങൾ തിരിച്ചും മറിച്ചും പറയുന്നതാണ് വി. തോമായുടെ വിശ്വാസമെന്ന തെറ്റിദ്ധാരണ അനേകം പേർക്കുണ്ട്.

എന്നാൽ തോമാസ് ശ്ലീഹ പങ്കുവെച്ച

www.malankaralibrary.com

ദൈവാനുഭവം സ്വന്തമാക്കിയ ജനത വളർത്തിയെടുത്ത ആത്മീയവും ഭൗതികവുമായ ജീവിതശൈലിയാണ് വി. തോമയുടെ വിശ്വാസം. ഉദാഹരണമായി ഒരു കർഷകൻ ഒരു നാളികേരം കുഴി കുത്തി കുഴിച്ചിട്ടാൽ അത് വളർന്ന് തെങ്ങായി ഫലം പുറപ്പെടുവിച്ച് വിളഞ്ഞുനിൽക്കുന്നു എന്ന് കരുതുക. വിത്ത് ശേഖരിച്ച്, കുഴി കുത്തി, നട്ട് നനച്ച് വളർത്തി ഫലം ചൂടി നിൽക്കുന്നത് ഒരു പ്രക്രിയയാണ് (process). ഈ പ്രക്രിയയെ അതിന്റെ എല്ലാ ഭാഗങ്ങളോടും ചേർന്നാണ് നാം കൃഷിപണി, കർഷകൻ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

അതുപോലെ വി. തോമസിന്റെ വിശ്വാസമെന്നാൽ വി. തോമ പ്രഘോഷിച്ചതും അതിനുശേഷമുള്ള ദൈവജനം വളർത്തിയതുമായ ആത്മീയത, ദൈവശാസ്ത്രം, സഭാ ഭരണരീതി, ആരാധനാരീതികൾ എന്നിവയാണ്. അവയിൽ സീറോ മലബാർ സഭയുടെ ആരാധനാരീതിക്ക് മറ്റുസഭകളുമായി, പ്രത്യേകിച്ച് ലത്തീൻ ആരാധനാക്രമവുമായുള്ള വ്യത്യാസം മാത്രം വിവരിക്കുമ്പോൾ വി. തോമയുടെ പാരമ്പര്യം വ്യക്തമാകും. ഇതുമനസിലാക്കണമെങ്കിൽ പാശ്ചാത്യ ദൈവശാസ്ത്രവും പൗരസ്ത്യ ദൈവശാസ്ത്രവും തമ്മിലുള്ള വ്യത്യാസം ആദ്യമേ മനസിലാക്കണം.

ഉദാഹരണമായി പാശ്ചാത്യ ദൈവശാസ്ത്ര പാരമ്പര്യമനുസരിച്ച് രക്ഷാകര രഹസ്യമെന്നാൽ യേശുക്രിസ്തുവിന്റെ പീഢാനുഭവം, മരണം, ഉത്ഥാനം എന്നിവ മാത്രമാണ്. നാം ചൊല്ലുന്ന എല്ലാ പ്രാർത്ഥനകളുടെയും കേന്ദ്രബിന്ദു ഇവ മൂന്നുമാണ്. ഉദാഹരണമായി ത്രിസന്ധ്യാജപം പരിശോധിക്കുക. അതിലെ പ്രാർത്ഥിക്കാം എന്ന ഭാഗം ഇപ്രകാരമാണ്. "കർത്താവെ മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാര വാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഢാനുഭവവും മരണവും, ഉത്ഥാനവും മുഖേന രക്ഷ പ്രാപിപ്പാൻ... ആമേൻ." ഈ പ്രാർത്ഥനയിൽ രക്ഷാകരദൗത്യം പൂർണ്ണമാകാൻ പരിശുദ്ധാത്മാവിനെ വേണം എന്ന ഒരു ധ്വനിയില്ല. ഇപ്രകാരം പാശ്ചാത്യ പാരമ്പര്യത്തിൽ രൂപപ്പെട്ട പ്രാർത്ഥനകളിലൊന്നിലും പരിശുദ്ധാത്മാവിന്റെ വർഷിക്കൽ രക്ഷാകര രഹസ്യത്തിന്റെ ഭാഗമല്ല. അതിനാൽ തന്നെ പാശ്ചാത്യ കുർബ്ബാന ക്രമം സമ്പൂർണ്ണമായും ക്രിസ്തു കേന്ദ്രീകൃതമാണ്. ക്രിസ്തുവിന്റെ പ്രാധാന്യം ആരാധനയിൽ കുറയുന്നു എന്നതാണ് പൗരസ്ത്യ പാരമ്പര്യത്തിന്റെ പരിമിതി. എന്നാൽ പൗരസ്ത്യ പാരമ്പര്യമനുസരിച്ച് "കർത്താവെ അങ്ങയുടെ അരൂപിയെ അയക്കുക.അപ്പോൾ ഭൂമുഖം പുതുതാകുകയും എല്ലാം നവീകരിക്കപ്പെടുകയും ചെയ്യും" എന്ന ചിന്തയാണ് വിശ്വാസത്തിന്റെ അടിസ്ഥാനം. അതിനാൽ പരിശുദ്ധാത്മാവിനെ മനുഷ്യന് നൽകുക എന്നതാണ് രക്ഷാകര രഹസ്യത്തിന്റെ ലക്ഷ്യം. മറ്റൊരു വിധത്തിൽ യേശുവിന്റെ പീഢാനുഭവം, മരണം, ഉത്ഥാനം മുഖേന പരിശുദ്ധാത്മാവിനെ നൽകുക എന്നതാണ് രക്ഷാരഹസ്യം.

ഇക്കാര്യം വ്യക്തമാകണമെങ്കിൽ പാശ്ചാത്യ ആരാധനാക്രമവും സീറോ മലബാർ ആരാധനാക്രമവും തമ്മിലുള്ള വ്യത്യാസം മനസ്സിലാകണം. നാം മുമ്പ് കണ്ടതുപോലെ പാശ്ചാത്യ ആരാധനാക്രമം ക്രിസ്തു കേന്ദ്രീകൃതമാണ്. എന്നാൽ സീറോ മലബാർ ആരാധനാക്രമം ത്രീത്വ കേന്ദ്രീകൃതമാണ്. പിതാവായ ദൈവത്തിന് നന്ദി പറഞ്ഞ് പുത്രനായ ദൈവത്തിന്റെ പീഢാനുഭവം, മരണം, ഉത്ഥാനം എന്നിവയിലൂടെ പാപമോചനം ലഭിച്ച് പരിശുദ്ധാത്മാവിനെ

www.malankaralibrary.com

മനുഷ്യന് നൽകുന്ന പ്രക്രിയയിലൂടെയാണ് വി. കുർബ്ബാന പൂർണ്ണമാകുന്നത്. യേശുവിന്റെ ശരീര രക്തങ്ങളിൽ ആവസിക്കാൻ വൈദികൻ പ്രാർത്ഥിക്കുന്നതാണ് റൂഹാക്ഷണ പ്രാർത്ഥന. പരിശുദ്ധാത്മാവിനാൽ ആവസിക്കപ്പെട്ട ശരീര രക്തങ്ങൾ സ്വീകരിക്കുന്നതിലൂടെ ഓരോ വിശ്വാസിയും പരിശുദ്ധാത്മാവിനാൽ നിറയുന്നു. എന്നാൽ പാശ്ചാത്യ പാരമ്പര്യമനുസരിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ വരെ പരിശുദ്ധാത്മാവിനെ കുറിച്ചുള്ള ഒരു പരസ്യ പ്രഘോഷണം പാശ്ചാത്യ വി. കുർബ്ബാനയിൽ ഉണ്ടായിരുന്നില്ല. പൗരസ്ത്യസഭകളുമായുള്ള ഡയലോഗിൽനിന്നാണ് പരിശുദ്ധാത്മാവിന്റെ പ്രാധാന്യം പാശ്ചാത്യ സഭ മനസിലാക്കുന്നത്.

രക്ഷാകര രഹസ്യത്തെകുറിച്ചുള്ള വി. തോമയുടെ പാരമ്പര്യത്തിലുള്ള ഈ വ്യത്യാസം മറ്റനേകം ആചാരാനുഷ്ഠാനങ്ങളിലുണ്ട്. പാശ്ചാത്യ പാരമ്പര്യമനുസരിച്ച് മെത്രാനിൽ മാത്രമാണ് പരിശുദ്ധാത്മാവ് നിറയുക. പരിശുദ്ധാത്മാവിന്റെ കൃപാവരം മെത്രാന്റെ കൈവെപ്പ് വഴി മാത്രമാണ് ലഭിക്കുക. അതുകൊണ്ട് സ്ഥൈര്യലേപനമെന്ന കൂദാശ നൽകാൻ മെത്രാന് മാത്രമെ അധികാരമുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് തന്നെ സഭ എന്നാൽ ദൈവജനം എന്ന ചിന്തക്ക് പകരം സഭ എന്നാൽ മെത്രാൻ എന്നാണ് പാശ്ചാത്യ പാരമ്പര്യം. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലാണ് സഭ എന്നാൽ ദൈവജനം എന്ന നിർവചനം നൽകിയത്. സീറോ മലബാർ പാരമ്പര്യത്തിൽ എക്കാലവും സഭ ദൈവജനമാണ്. കാരണം ഒരു കുഞ്ഞിന് വൈദികൻ മാമോദീസ നൽകുമ്പോൾ തന്നെ അവന് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. സീറോ മലബാർ സഭയുടെ വിശ്വാസ പൈതൃകം പുനരുദ്ധാരണത്തിന്റെ പാതയിലാണ്. അതുകൊണ്ടാണ് പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി മെത്രാന്റെ കൈവെപ്പ് കാത്തിരുന്ന വിശ്വാസികൾ പൗരസ്ത്യ പാരമ്പര്യത്തിലേക്ക് മടങ്ങിവന്നപ്പോൾ, മാമോദീസ നൽകുമ്പോൾ തന്നെ പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്വീകരിക്കുന്നത്. കൂടാതെ ഈ വിശ്വാസം സഭാ സ്വത്തിന്റെ ഭരണത്തിലുമുണ്ട്. പാശ്ചാത്യ പാരമ്പര്യമനുസരിച്ച് മെത്രാനിൽ മാത്രമാണ് പരിശുദ്ധാത്മാവ് ഉള്ളതുകൊണ്ട് എല്ലാ സഭാസ്വത്തിന്റെയും പരമാധികാരി മെത്രാനാണ്. എന്നാൽ സീറോ മലബാർ സഭയിൽ എല്ലാ അംഗങ്ങൾക്കും പരിശുദ്ധാത്മാവ് ഉള്ളതിനാൽ സഭാ സ്വത്ത് കൈകാര്യം ചെയ്യുന്നത് പള്ളിയോഗമോ പ്രതിനിധിയോഗമോ എടുക്കുന്ന തീരുമാനമനുസരിച്ചാണ്. പള്ളിയോഗത്തിന്റെ തീരുമാനമില്ലാതെ സഭാസ്വത്ത് കൈകാര്യം ചെയ്യാൻ മെത്രാനോ, മെത്രാന്റെ തീരുമാനമില്ലാതെ സഭാസ്വത്ത് കൈകാര്യം ചെയ്യാൻ പള്ളിയോഗത്തിനോ അനുവാദമില്ല. ഇത്തരത്തിൽ രക്ഷാകര ദൗത്യത്തെകുറിച്ചുള്ള കാഴ്ചപ്പാടുമുതൽ ദൈനംദിന ഭരണക്രമം വരെയുള്ള കാര്യങ്ങളിലെ സമഗ്രജീവിത ദർശനമാണ് മാർതോമാമാർഗ്ഗം.

പിതാവായ ദൈവം പുത്രനായ ക്രിസ്തുവിന്റെ പീഢനാനുഭവം, മരണം, ഉത്ഥാനം എന്നിവയിലൂടെ പരിശുദ്ധാത്മാവിനെ നൽകി പുതിയ മനുഷ്യനാക്കിയതിന്റെ ഓർമ്മയാചരണവും നന്ദിയുമാണ് സീറോ മലബാർ വി. കുർബ്ബാന എന്ന് മനസ്സിലാക്കാൻ പരിശുദ്ധാത്മാവ് നമ്മെ അനുഗ്രഹിക്കട്ടെ. അറിവ് വ്യത്യാസത്തെ(difference) അഥവാ തനിമയെ കുറിച്ചുള്ളതാണ്. വ്യത്യാസം വിവേചിക്കാനുള്ള കഴിവ് പരിശുദ്ധാത്മാവിന്റെ ദാനമാണ്. ●